വൃദ്ധജന ക്ഷേമത്തിനായുള്ള പരിപാടികൾ

2 (*709) ശ്രീ. എ. സി. ഷൺമുഖദാസ്:
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധന്മാരുടെ ക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പരിപാടികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നത് ;

(ബി) വൃദ്ധൻമാരുടെ ക്ഷേമപദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക സഹായം ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്കു വേണ്ടിയാണ് ഇതെന്നും വെളിപ്പെടുത്തുമോ ;

(സി) വൃദ്ധന്മാരുടെ ക്ഷേമകാര്യങ്ങൾ സംബന്ധിച്ച് സീനിയർ സിറ്റിസൺ അസോസിയേഷനിൽനിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) വൃദ്ധജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി താഴെപ്പറയുന്നവയാണ് സർക്കാർ നടത്തിവരുന്ന പദ്ധതികൾ.

(1) വൃദ്ധ സദനങ്ങൾ (2) പകൽ പരിപാലന കേന്ദ്രങ്ങൾ (3) വാർദ്ധക്യകാല പെൻഷൻ (4) അന്നപൂർണ്ണ പദ്ധതി.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ 5 ശതമാനം വികലാംഗർ, ശിശുക്കൾ എന്നിവർക്കൊപ്പം വൃദ്ധജനങ്ങൾക്കും നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വാർദ്ധക്യകാല പെൻഷനും അന്നപൂർണ്ണ പദ്ധതിക്കുമായി 15.42 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചു. 1242 ലക്ഷം രൂപ വാർദ്ധക്യകാല പെൻഷനും 300 ലക്ഷം രൂപ അന്നപൂർണ്ണ പദ്ധതിക്കുമായിരുന്നു. ഇതിനും പുറമേ വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ, മെഡിക്കൽ കെയർ സെന്ററുകൾ തുടങ്ങിയ പദ്ധതികൾക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായം ലഭിച്ചുവരുന്നു.

(സി) ഉണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സീനിയർ സിറ്റിസൺ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വക്കേറ്റ് എം.സി.വി. ഭട്ടതിരിപ്പാട്, ജനറൽ സെക്രട്ടറി ബാലൻ മാസ്റ്റർ, കണ്ണൂർ ജില്ലാ പ്രസിഡന്റ് ഡോക്ടർ ഭാസ്കരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ സർക്കാരിന് നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

നിവേദനത്തിന്റെ വെളിച്ചത്തിൽ അങ്ങ് നൽകിയ മറുപടി സർക്കാരിന്റെ പരിഗണനയിലാണെന്നാണ്. അവരുടെ പ്രധാനപ്പെട്ട ഒരു ആവശ്യമായ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ രീതിയിലുള്ള ഒരു വയോജന നയം കേരളത്തിലും നടപ്പിൽ വരുത്താൻ എന്തെങ്കിലും നടപടികൾ നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഈ സഭയിൽത്തന്നെ ഒരിക്കൽ ഞാൻ വയോജനനയം കൊണ്ടുവരുമെന്ന് പറഞ്ഞതാണ്. അവരുടെ നിവേദനത്തിൽ പല നല്ല നിർദ്ദേശങ്ങളുമുണ്ട്. വേറെ നിവേദനങ്ങളും ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അത് വിശദമായി ഗവൺമെന്റ് പഠിച്ചു. സ്റ്റാറ്റിസ്റ്റിക്സിന്റേയും അതുപോലെ എക്സ്പെർട്ട് ഒപ്പീനിയന്റേയും അടിസ്ഥാനത്തിൽ ആയിരിക്കണം ഈ നടപടികൾ. നമ്മുടെ സോഷ്യൽ സ്റ്റാറ്റസ് വച്ചിട്ട് ചെറിയ വിദഗ്ദ്ധോപദേശങ്ങൾ ഇക്കാര്യത്തിൽ വേണമെന്നുള്ളതുകൊണ്ട് സ്റ്റാറ്റിസ്റ്റിക്സ് എടുത്ത് ശരിയായ അഡ്വൈസ്, ഏതാണ്ട് പൂർണ്ണ രൂപത്തിലേക്ക് വരികയാണ്. നയപ്രഖ്യാപനം നടത്തണമെന്നില്ല. ഈ സൗകര്യമൊക്കെ ഏർപ്പെടുത്തണമെന്നുള്ള ഉദ്ദേശമുണ്ട്.

ശ്രീ. കെ. പി. മോഹനൻ : സർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ വയോജനങ്ങൾക്കും പെൻഷൻ നിർബ്ബന്ധമാക്കണം. 18 വയസ്സ് കഴിഞ്ഞ ആൺമക്കളുണ്ടെങ്കിൽ ബി.പി.എൽ.-ന് താഴെയുള്ള വയോജനങ്ങൾക്ക് പെൻഷൻ നിഷേധിക്കരുത്. അതുകൊണ്ട് ആൺമക്കളുണ്ടെങ്കിലും ദാരിദ്ര്യ രേഖക്ക് താഴെയുള്ള വയോജനങ്ങൾക്ക് പെൻഷൻ നിർബ്ബന്ധമാക്കാൻ എന്ത് നടപടി കൈക്കൊള്ളാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ആൺമക്കൾ ഉണ്ടെന്നത് പെൻഷൻ കിട്ടാൻ ബുദ്ധിമുട്ടാണെന്ന് എനിക്ക് തോന്നുന്നില്ല. അത് എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അത് പിന്നീട് ഭേദഗതി ചെയ്തു എന്നാണ് എന്റെ വിശ്വാസം. തീർച്ചയായിട്ടും ഇക്കാര്യം ഗൗരവമായിട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു : സർ, ദേശസാൽകൃത ബാങ്കുകളൊക്കെ വൃദ്ധന്മാരുടെ നിക്ഷേപത്തിന് അര ശതമാനം കൂടുതൽ പലിശ കൊടുക്കുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന വൃദ്ധന്മാരുടെ നിക്ഷേപത്തിനും ഇത്തരത്തിൽ പലിശ നൽകുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അത് സഹകരണ മന്ത്രിയുമായി സംസാരിക്കാം.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. മാഘവൻ) : അര ശതമാനം ഇപ്പോൾത്തന്നെ കൂടുതൽ കൊടുക്കുന്നുണ്ട്.

ശ്രീ. സി. കെ. നാണു: വൃദ്ധസദനങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ? അതിനുള്ള.....

മി. സ്പീക്കർ : ഇത് ജനറൽ ക്വസ്റ്റ്യനല്ലേ. അതൊക്കെ എങ്ങനെ പറയാൻ പറ്റും. ഒരു പർട്ടിക്കുലർ ക്വസ്റ്റ്യൻ ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : വൃദ്ധസദനങ്ങൾക്കുള്ള തീരുമാനങ്ങളെടുക്കുന്നതിന് വേണ്ടി അതിന്റെ ചെലവുകൾ എങ്ങനെയാണ്; എന്തൊക്കെയാണ് അതിന്റെ മാനദണ്ഡങ്ങൾ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പറയാം, വൃദ്ധസദനങ്ങളെ സംബന്ധിച്ച പൊതുവായ വിവരമെന്ന് പറയുന്നത്, ഇപ്പോൾ 14 ജില്ലകളിൽ സർക്കാരിന്റെ വൃദ്ധസദനങ്ങളുണ്ട്. അതുകൂടാതെ സന്നദ്ധ സംഘടനകൾ വൃദ്ധസദനങ്ങൾ പല സ്ഥലങ്ങളിലും നടത്തുന്നുണ്ട്. അത്തരത്തിലുള്ള സ്ഥാപനങ്ങൾ 82 എണ്ണം നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്ക് കേന്ദ്ര ഗ്രാന്റും മറ്റ് സഹായങ്ങളുമുണ്ട്. അങ്ങനെയാണ് വൃദ്ധസദനങ്ങൾ നടക്കുന്നത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട മന്ത്രി ഒരു വൃദ്ധനയത്തിന്റെ കാര്യം പറഞ്ഞു. ഈ വൃദ്ധനയം ഉൾപ്പെടെ ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മറ്റ് പരിപാടികൾക്ക് വേണ്ടി ഫലപ്രദമായ ഉപദേശം നൽകാൻ കഴിയുന്ന രീതിയിൽ സമർത്ഥരായ സീനിയർ സിറ്റിസൺസിനെ ഉൾപ്പെടുത്തി സംസ്ഥാന അടിസ്ഥാനത്തിൽ വൃദ്ധജനങ്ങളുടേതായ ഒരു ഉപദേശക കൗൺസിൽ രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇത് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ഇവരുടെയൊക്കെ അടിക്കടി കിട്ടിക്കൊണ്ടിരിക്കുന്ന നിവേദനങ്ങളിലെ ഒരു പ്രധാന ആവശ്യം ഒരു സിറ്റിസൺസ് കൗൺസിൽ രൂപീകരിക്കണമെന്നതാണ്. റിട്ടയർ ചെയ്ത ഐ.എ.എസ് ഓഫീസർമാർ അതുപോലെതന്നെ ഈ രംഗത്ത് സർവ്വീസിലിരിക്കുന്നവർ, അവരുടെയൊക്കെ ഒരു അഡ്വൈസിന്റെ അടിസ്ഥാനത്തിൽ അവരിടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം. അത് തീരുമാനിക്കാവുന്ന ഒരു വിഷയമാണ്. അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. നിവേദനത്തിൽ ഏറ്റവും അനുകൂലമായ തീരുമാനമെടുക്കേണ്ട ഒരു വിഷയമാണ്. അത് ഗവൺമെന്റ് തീരുമാനിക്കും.

ഡോ. എ. നീലലോഹിതദാസൻ നാടാർ : അന്നപൂർണ്ണ പദ്ധതി എന്നൊരു പദ്ധതിയുടെ പരാമർശനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞു. അതിന്റെ വിശദാംശങ്ങളൊന്ന് വ്യക്തമാക്കാമോ; അതോടൊപ്പം തന്നെ വൃദ്ധസദനങ്ങൾ സർക്കാർ നടത്തുന്നവയുമുണ്ട്; സന്നദ്ധ സംഘടനകൾ നടത്തുന്നവയുമുണ്ട് ; സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ സഹായമുണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ സഹായവുമുണ്ട് ആ സഹായങ്ങൾ, പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സഹായം നൽകുന്ന രംഗത്ത് വേണ്ടത്ര അവധാനതയില്ല. ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന പല വൃദ്ധസദനങ്ങൾക്കും സഹായം കിട്ടുന്നില്ല. ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത കടലാസിൽ മാത്രം ഒതുങ്ങുന്നവയ്ക്ക് സഹായം കൊടുക്കുന്നു എന്നൊരു ആക്ഷേപമുണ്ട്. ഈ വക കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; അവയ്ക്ക് എന്ത് പരിഹാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ആദ്യത്തെ ചോദ്യം അന്നപൂർണ്ണ പദ്ധതിയെക്കുറിച്ചാണ്. അന്നപൂർണ്ണ പദ്ധതി എന്നുപറയുന്നത്, ദരിദ്രരായിട്ടുള്ള 65 വയസ്സ് കഴിഞ്ഞ ആളുകൾക്ക് പ്രതിമാസം 10 കിലോ അരി കൊടുക്കുന്ന പദ്ധതിയാണ്. അത് നമ്മുടെ സംസ്ഥാനത്ത് കൊടുക്കുന്നുണ്ട്. അതുപോലെ സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് നമ്മുടെ റെക്കമെന്റേഷന്റെ പുറത്ത് കേന്ദ്രഗവൺമെന്റ് നേരിട്ട് സഹായം കൊടുക്കുന്നതാണ് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വിവിധ ക്ഷേമ പരിപാടികളെ അവഹേളിക്കത്തക്ക വിധത്തിൽ തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ പത്തും പതിനെട്ടും ഇരുപതും മാസങ്ങളായിട്ട് കൊടുത്തിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൃദ്ധജനക്ഷേമ പരിപാടികളുടെ ഉദ്ദേശശുദ്ധിയെ തന്നെ അപഹസിക്കത്തക്ക വിധത്തിൽ, വാർദ്ധക്യം ബാധിച്ച് കാത്തു കാത്തിരിക്കുന്നവർക്ക് പത്തും പതിനെട്ടും ഇരുപതും മാസമായിട്ടും നാല് കാശ് പോലും കൊടുക്കുന്നില്ല. മരിക്കാൻ കാത്തിരിക്കുകയാണോ എന്ന് ആളുകൾ പരിഹസിക്കുന്നുണ്ട്. അതുകൊണ്ട് എന്ന് കൊടുക്കുമെന്ന് പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത്, പെൻഷൻ പദ്ധതികളൊന്നും ഈ മാർച്ച് മാസം വരെ കുടിശ്ശികയില്ല. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളുമായിട്ടുള്ളവരുടെ പ്രത്യേക പെൻഷൻ മാർച്ച് മാസം വരെ കൊടുത്തിട്ടുണ്ട്. മാത്രമല്ല് ഇതിന്റെ എഫിഷ്യൻസി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം. 2003-04-ലെ അലോട്ട്മെന്റായ 3780.76 ലക്ഷം രൂപയിൽ 1,258.90 ലക്ഷം രൂപ അതിന് ശേഷമുള്ളത് കൊടുക്കാൻ ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഏതൊക്കെ പെൻഷനാണെന്ന് ഞാൻ പറയാം. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പ്രത്യേക പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ, ഇതെല്ലാം മാർച്ച് 31 വരെ മുഴുവൻ ലഭ്യമാക്കിയിട്ടുണ്ട്. സോഷ്യൽ വെൽഫെയർ കൈകാര്യം ചെയ്യുന്ന ഈ പെൻഷൻ മാർച്ച് 31 വരെ മുഴുവൻ ലഭ്യമാക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ എനിക്കറിഞ്ഞുകൂടാ.....ഒരു തകരാർ വരുന്നുണ്ട്. അത് സമ്മതിക്കാതിരിക്കാൻ വഴിയില്ല. ഞാൻ ആ വാക്ക് തന്നെ ഉപയോഗിക്കുകയാണ്. പഞ്ചായത്തുകൾ ചിലപ്പോൾ ഇതും വകമാറ്റി ചെലവഴിക്കുന്നുണ്ടോ, തിരിമറി ചെയ്യുന്നുണ്ടോ എന്നുള്ള ഒരു കഷ്ടമായ സ്ഥിതിയുണ്ട്. എനിക്ക് അതിനെക്കുറിച്ച് ഒരു ധാർമ്മിക രോഷമുണ്ട്. അപ്പോൾ ഗവൺമെന്റ് ലഭ്യമാക്കിയാലും താഴെത്തട്ടിൽ കിട്ടാൻ താമസിക്കും. അത് നമ്മൾ ഗൗരവമായിട്ട് ആലോചിക്കേണ്ട ഒരു വിഷയമാണ്. ട്രഷറിയിൽ നിന്ന് ക്യാഷ് ചെയ്തിട്ടുണ്ടെന്നാണ് ധനകാര്യമന്ത്രി പറയുന്നത്. ഞാൻ ധനകാര്യ മന്ത്രിയോട് ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ വിവിധ രൂപത്തിൽ, വിവധ തലങ്ങളിൽ ഇങ്ങനെ വളർന്നുവരികയാണ്. ഒരു പുതിയ മോഡേൺ ടെന്റൻസി വന്നതോടുകൂടി ഈ പാവപ്പെട്ട വൃദ്ധജനങ്ങൾ പലരും ഒറ്റപ്പെട്ട ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. അവരെ നോക്കാൻ ആളില്ലാത്ത വിധത്തിൽ ഏകാന്തമായ ഒരു സാഹചര്യത്തിലേക്ക് പോവുകയാണ്. പ്രദേശങ്ങളുടെ അടിസ്ഥനത്തിൽ, സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത പ്രശ്നങ്ങളുള്ള നമ്മുടെ വൃദ്ധജനങ്ങളെക്കുറിച്ച് ഒരു സെൻസസ് എടുക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇപ്പോൾ ആധുനികമായ ഒരു കൺസെപ്റ്റ് എന്നുപറയുന്നത്, each grey hair is a reservoir of knowledge' എന്നാണ്. ഓരോ നരച്ച മുടിയും knowledge-ന്റെ അടയാളമാണ്. ആ തരത്തിൽ..... (ബഹളം).....ഇപ്പോൾ നരച്ച മുടി കാണാനില്ല. എന്റേത് മാത്രമല്ല. ആരുടേയും കാണാനില്ല. ഈ തരത്തിൽ വൃദ്ധജനങ്ങളെ അങ്ങേയറ്റം സമൂഹം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു കൺസെപ്റ്റാണ് സിവിലൈസ്ഡ് സൊസൈറ്റിക്കുള്ളത്. ആ തരത്തിൽ മെമ്പർ പറഞ്ഞത് ശരിയാണ്. ആ തരത്തിൽ പോകുന്നതിൽ ഇവിടുത്തെ സൊസൈറ്റിയിലെ ദാരിദ്ര്യം അതുപോലെ മോഡേൺ ട്രെന്റൊക്കെ പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ടാണ് വൃദ്ധജന നയം വേണമെന്ന് പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അങ്ങ് ഇവിടെ ക്ഷേമകാര്യങ്ങൾ പറഞ്ഞതിൽ പകൽപരിപാലന കേന്ദ്രത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് ഒരു ചോദ്യം ഉന്നയിക്കുന്നു. പകൽവീടുകൾ അതായിരിക്കുമല്ലോ ഉദ്ദേശിക്കുന്നത്. പകൽ സമയം, മാവിലെ മുതൽ വൈകുന്നേരം വരെ ഇവരെ ശുശ്രൂഷിക്കാനുള്ള കേന്ദ്രങ്ങൾ വളരെ മാതൃകാപരമായ ഒരു നിർദ്ദേശമാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലുൾപ്പെടെ ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗനവാടി എന്ന രീതിയിൽ കുഞ്ഞുങ്ങളെ പരിപാലിക്കാനും സംരക്ഷിക്കാനും വേണ്ടി ആരംഭിച്ചിട്ടുള്ള അംഗനവാടി മാതൃകയിൽ വ്യാപകമായ തോതിൽ പകൽ വീടുകൾ എന്ന ആശയം പ്രാവർത്തികമാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ ; അതാണ് കൂടുതൽ ആവശ്യം. അച്ഛനും അമ്മയും അല്ലെങ്കിൽ മക്കൾ ജോലിക്ക് പോയി കഴിഞ്ഞാൽ പിന്നെ അവർ ഒറ്റയ്ക്കാണ്. അപ്പോൾ അവരുടെ ആരോഗ്യ ശുശ്രൂഷ, മാനസികമായ കാര്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് വേണ്ടി ഈ പകൽവീട് എന്ന ആശയം വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, വൃദ്ധജനങ്ങൾക്കുള്ള ഡേ കെയർ സെന്റർ എന്ന ആശയം ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ സർക്കാർ തന്നെ 3 കോർപ്പറേഷനുകളിൽ ഇതിന് മുൻകൈയെടുക്കുന്നുണ്ട്. അതുപോലെ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ്. അത് വളരെ ആവശ്യമാണ്. മാറിയ സൊസൈറ്റിയിൽ വയസ്സായ ആളുകളുടെ മക്കൾ ഒന്നുകിൽ ഗൾഫിലോ അമേരിക്കയിലോ ബോംബെയിലോ ബാംഗ്ളൂരിലോ മറ്റെവിടെയെങ്കിലുമോ ആയിരിക്കും. അല്ലെങ്കിൽ ജോലിയുള്ളവരായിരിക്കും. ജോലിയുള്ളവരെല്ലാവരും പോയിക്കഴിഞ്ഞാൽ അച്ഛനായാലും അമ്മയായാലും

വാർദ്ധക്യം ബാധിച്ച ആളുകൾ വീട്ടിലിരുന്ന് വല്ലാത്ത ഏകാന്തതയും പ്രശ്നങ്ങളുമാണ്. അതുകൊണ്ട് അവർ പോകുന്ന വഴിക്ക് ഇവിടെ കൊണ്ടാക്കിയാൽ അവിടെ അവരുടെ സമപ്രായക്കാരുണ്ട്, വായിക്കാം, ടി.വി. കാണാം ഒക്കെ ചെയ്യാം. ഇതാണ് ഈ ആശയം. അത് വളരെ നല്ല ഒരു കാര്യമാണ്. കാരണം വൈകുന്നേരം തന്നെ തിരിച്ച് വീട്ടിൽ വരാനും കഴിയും. അത് പോപ്പുലറാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ചിലത് കേരളത്തിൽ തന്നെ നന്നായി നടന്നുവരുന്നുണ്ട്. തിരുവനന്തപുരത്തുണ്ട്. വളരെ നന്നായി നടന്നുവരുന്നു. അത് വ്യാപകമാക്കാനും പ്രചാരണം കൊടുക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു വൃദ്ധ വികലാംഗ സദനമുണ്ട്. അവിടെ 22 അന്തേവാസികളാണുള്ളത്. അവർക്ക് ഒരു മാസം ക്ഷണത്തിന് 450 രൂപയാണ് അനുവദിക്കുന്നത്. അവർക്ക് ഒരു വർഷം ചികിൽസയ്ക്ക് 500 രൂപ മാത്രമാണ് കൊടുക്കുന്നത്. ഈ തുക, ഒരു വർഷം 500 രൂപയെന്നുള്ളത്, വർദ്ധിപ്പിക്കണം. അവിടെ ഒരു കെട്ടിടം പണിയാൻ പൈസയുണ്ടെങ്കിലും സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് കെട്ടിടം പണിയാൻ കഴിയാതിരിക്കുകയാണ്. അതിന് സ്ഥലം വാങ്ങി കെട്ടിടം പണിയാൻ അനുമതികൂടി നൽകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇപ്പോൾ നമ്മൾ ഇത്രയേ കൊടുക്കുന്നുള്ളു ക്ഷണത്തിനും മറ്റുമായി 450 രൂപ. മരുന്നു വാങ്ങുന്നതിന് 500 രൂപ, ബെഡ് തുടങ്ങിയുള്ള ആവശ്യങ്ങൾക്ക് 200 രൂപ ഇത്രയേയുള്ളു. അത് വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. മെമ്പർ പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, വൃദ്ധജനങ്ങളെ അവഗണിക്കുന്നതിന്റെ ഒരുപാട് ബുദ്ധിമുട്ടുകൾ നമ്മൾ ഇപ്പോൾ ഇവിടെ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയരംഗത്തുൾപ്പെടെ. ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്....(ബഹളം)..... അല്ല കേന്ദ്രത്തിലെങ്കിലും എന്തെങ്കിലും ഒരു സഹായം കൊടുത്തിരുന്നുവെങ്കിൽ ഇവിടെ ശല്യം കുറഞ്ഞിരുന്നേനെയെന്നാണ് പറഞ്ഞത്. കൂട്ടുകുടുംബ സംവിധാനങ്ങളുടെ തകർച്ചയോടെ അണു കുടുംബങ്ങൾ രൂപപ്പെട്ടിരിക്കുകയാണ് നമ്മുടെ ഇടയിൽ.....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

ശ്രീ. ടി. കെ. ദേവകുമാർ : സർ, ചോദ്യം ചോദിക്കാൻ സാധിക്കുകയില്ലെങ്കിൽ ഞാൻ കൂടുതൽ കാര്യം പറയാം....

മി. സ്പീക്കർ : വേണ്ട.... വേണ്ട.....

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ ചോദ്യം പറയാം. കൂട്ടുകുടുംബ സംവിധാനത്തിന്റെ തകർച്ചയോടുകൂടി അണു കുടുംബങ്ങൾ രൂപപ്പെട്ടു. ഈ അണു കുടുംബ സംവിധാനത്തിൽ പ്രായമായ ആളുകൾ ഇന്ന് ഒരുപാട് സാമൂഹികമായും മാനസികമായും പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വൃദ്ധജനങ്ങൾക്ക് ഒരു പെൻഷൻ കൊടുക്കുന്നതുകൊണ്ട് (ബി.പി.എൽ. -ന് താഴെയുള്ള വൃദ്ധജനങ്ങൾക്ക് പ്രത്യേക സംരക്ഷണം കൊടുത്തതുകൊണ്ടോ) ഈ പ്രശ്നത്തിന് പരിഹാരമാവുന്നില്ല. ഈ പുതിയ സാമൂഹിക സാഹചര്യത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ ഏറ്റവും ഫലപ്രദമായ ഒരു നടപടിയാണ് പകൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ വൃദ്ധജനങ്ങളെ സംരക്ഷിക്കാനുള്ള സംരംഭങ്ങൾ. ഒട്ടേറെ സ്വകാര്യ സംഘടനകൾ ഇന്ന് രംഗത്തേയ്ക്ക് വന്നിട്ടുണ്ട്. സാമൂഹ്യ സംഘടനകളുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഈ വൃദ്ധജനങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനം താലൂക്ക് തലത്തിൽ വ്യാപിപ്പിക്കാൻ മുൻകൈയെടുക്കുമോ, അതുപോലെ ഇവിടെ വന്നിരിക്കുന്ന ബുദ്ധിമുട്ടുകൾകൊണ്ട് ഉണ്ടായ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അങ്ങ് മുൻകൈയെടുക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പൊളിറ്റിക്സിൽ വി.ആർ..എസ്. ഒക്കെ നടക്കുമോ ? .....(ബഹളം)..... നമുക്കൊരു കാര്യം ചെയ്യാം. പ്രായമായവ.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം എന്നെ ഉദ്ദേശിച്ചാണ് പറഞ്ഞത്, ദേവകുമാർ എന്നെ ഉദ്ദേശിച്ചാണ് പറഞ്ഞത്. Please sit down. yes....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഡേ കെയർ സെന്ററുകൾ .....(ബഹളം).....ശ്രീമതി കെ. ആർ. ഗൗരിയമ്മയെ ആ ഗണത്തിൽ പെടുത്തേണ്ട. ശ്രീമതി ഗൗരിയമ്മ ആ ഗണത്തിൽ പെടുകയില്ലായെന്നാണ് അവർ പറയുന്നത്. മന്ത്രിസഭയിലെ ഏറ്റവും ഊർജ്ജസ്വലതയുള്ള ആളാണവർ. 31 വയസ്സേയുള്ളുവെന്നാണ് ഗൗരിയമ്മ ക്ളെയിം ചെയ്യുന്നത്. ഡെ കെയർ സെന്ററുകൾ പോപ്പുലറാക്കാമെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. തലൂക്ക് തലത്തിൽ പറയാൻ കഴിയുകയില്ല. ആവശ്യമുള്ളിടത്ത് നോക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, സമൂഹത്തിലെ ഏറ്റവും രൂക്ഷമായ പ്രശ്നമായി വൃദ്ധജനങ്ങളുടെ പ്രശ്നം മാറിയിരിക്കുകയാണ്. ജീവിതകാലത്ത് ഒരിക്കലും ഒരു ഉടുമുണ്ടുപോലും വാങ്ങികൊടുക്കാതെ മരിച്ചുകഴിയുമ്പോഴാണ് മക്കളെല്ലാവരും ഏറ്റവും വില കൂടിയ വസ്ത്രം ധരിപ്പിച്ച് എല്ലാവരും ശ്രദ്ധിക്കുന്ന രീതിയിൽ വീഡിയോഗ്രാഫർമാരുടെയും ഫോട്ടോഗ്രാഫർമാരുടെയും അകമ്പടിയോടുകൂടി ഏറ്റവും വർണ്ണശബളമായ ശവസംസ്ക്കാര ചടങ്ങുകൾ നടത്തുന്നത്. നമ്മുടെ ചെറുപ്പക്കാർക്ക് എന്നും ഈ യുവത്വം നിലനിൽക്കുമെന്നും ജരാധരകൾ ഒരിക്കലും ബാധിക്കുകയില്ലായെന്നും കരുതുന്ന അവരെ ബോധവൽക്കരിക്കാനുള്ള പരിപാടികൾ നടത്തുന്നതോടൊപ്പംതന്നെ സന്നദ്ധ സംഘടനകൾക്ക് കൂടുതൽ സദനങ്ങൾ ആരംഭിക്കാനുള്ള സാകര്യം കൂടി ഈ ഗവൺമെന്റ് ചെയ്തുകൊടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇത് നേരത്തെ പറഞ്ഞ വളരെ മുൻഗണന കൊടുക്കേണ്ടുന്ന ഒരു വിഷയംതന്നെയാണ്. മാറിവരുന്ന സാമൂഹിക സാഹചര്യത്തിൽ പ്രായമായവരെ ബഹുമാനിക്കാനും അവരെ സംരക്ഷിക്കാനുമുള്ള മനോഭാവം ചെറുപ്പക്കാരിൽ ഉണ്ടാകണം. അത് രാജ്യത്ത് ഒരു നിയമമായി കൾച്ചറൊക്കെയാക്കി നിലനിർത്തുന്ന കാര്യത്തിൽ എല്ലാവരും നിഷ്കർഷ പാലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, സീനിയർ സിറ്റിസൺസിന് ഇന്ത്യൻ റെയിൽവെ, ഇന്ത്യൻ എയർലൈൻസ് മുതലായ സ്ഥാപനങ്ങളിലെല്ലാം കൺസെഷനുകൾ നൽകുന്നുണ്ട്. 60 വയസായ ആളുകൾക്കും 65 വയസായ സീനിയർ സിറ്റിസന്നും റെയിൽവെയിൽ കൺസെഷനുണ്ട്. പക്ഷേ നമ്മുടെ എം.എൽ.എ.മാരായിട്ടുള്ള സീനിയർ സിറ്റിസൺ ഈ എം.എൽ.എ. ക്വാർട്ടേഴ്സിൽതന്നെയുള്ള റെയിൽവെ കൗണ്ടറുകളിൽ ഫ്രീ പെയ്ഡ് കൂപ്പൺ കൊടുത്താൽ 1983-ലെ റെയിൽവെ സർക്കുലർ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ആനുകൂല്യം നിഷേധിക്കുന്ന ഒരു സ്ഥിതിയുണ്ട്. എം.എൽ.എ.മാർക്കുവേണ്ടി അങ്ങാണല്ലോ കാര്യമായിട്ട് എല്ലാ സംരക്ഷണവും പ്രശ്നങ്ങളും ഏറ്റെടുക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും ഗവൺമെന്റും ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ : അഭ്യർത്ഥന ഇവിടെ വരികയില്ല. ചെയ്യുമോ; ചോദ്യമേയുള്ളു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, സ്പീക്കറോട് ചോദ്യം ചോദിക്കാമോ.

മി. സ്പീക്കർ : സ്പീക്കറെക്കൂടി അതിൽ ഉൾപ്പെടുത്തിയെന്നേയുള്ളു, ചോദ്യം ഗവൺമെന്റിനോടാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, എന്നോട് ചോദിച്ചതുകൊണ്ട് ഞാൻ വഴി ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ അടുത്ത് എത്തിക്കാം. അതാണ് ഉത്തമം.

ശ്രീ. വർക്കല കഹാർ : സർ, കുടുംബത്തിനും സമൂഹത്തിനും വേണ്ടി ജീവിതത്തിന്റെ നല്ല കാലം ചെലവഴിച്ച നിരവധി വൃദ്ധജനങ്ങളുണ്ട്. അവരുടെ സമ്പാദ്യം മുഴുവൻ ലഭിച്ച കുടുംബങ്ങൾ അവരെ ഉപേക്ഷിക്കുകയോ അന്വേഷിക്കാതെയോ ഇരിക്കുന്ന നിരവധി ഉദാഹരണങ്ങളുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരക്കാരുടെ ക്ഷേമം ഉറപ്പാക്കുന്ന പദ്ധതികൾക്ക് രൂപം നൽകാൻ ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. പിന്നെ അത് കൂട്ടുകയും സന്നദ്ധ സംഘടനകളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യാം.

ശ്രീ. ഇ. എം. അഗസ്തി : സർ, ബഹുമാനപ്പെട്ട ശ്രീ. കെ.പി.മോഹനൻ ചോദിച്ച ചോദ്യത്തിന് സമാനമാണ്. കേരള സമൂഹത്തിൽ മാറ്റങ്ങളുടെ ഫലമായി ന്യൂക്ലിയർ കുടുംബങ്ങൾ രൂപം കൊള്ളുകയാണ്. തന്മൂലം പ്രായപൂർത്തിയായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ കേരള ജനതയ്ക്ക് പണ്ട് ഉണ്ടായിരുന്ന ആഭിമുഖ്യം ഇപ്പോൾ കാണുന്നില്ല. ഇങ്ങനെ അനാഥമാകുന്ന വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഒരു വൃദ്ധനയം രൂപീകരിക്കുമോ എന്ന ചോദ്യം അദ്ദേഹം ഇവിടെ ചോദിക്കുകയുണ്ടായി. ഈ സഭയിൽ ബഹുമാന്യനായ ശ്രീ. ഇ.കെ.നായനാർ വളരെ വികാരപരമായി ഒരു പ്രസ്താവം നടത്തിയിട്ടുണ്ട്. കേരള സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതുസംബന്ധിച്ച് അദ്ദേഹം വികാരപരമായി ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ പ്രഖ്യാപിച്ചത് ഞാനും ഓർക്കുന്നു. ഇവിടെ പഞ്ചനക്ഷത്ര ഹോട്ടൽ നിലവാരമുള്ള വൃദ്ധസദനങ്ങളും കയറിക്കിടക്കാൻ കഴിയാത്ത വൃദ്ധസദനങ്ങളുമുണ്ട്. ഈ സ്ഥിതിവിശേഷം പരിഗണിച്ച് ഒരു വൃദ്ധ പരിപാലന നയം രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് ഞാൻ ഓർക്കുന്നു. ഞാൻ സ യിൽ ഉണ്ടായിരുന്നു. ഇപ്പോഴത്തെ ഏറ്റവും വലിയ സോഷ്യൽ പ്രോബ്ളംസ് എന്നുള്ള നിലിയിൽ പ്രത്യേകം ശ്രദ്ധിക്കണം. അതിനെത്തുടർന്നാണ് ഈ നയം രൂപീകരിക്കണമെന്ന ആശയം ഉണ്ടായത്. അതിൽ കുറെ നമ്മൾ മുന്നോട്ട് പോയിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ചെയ്യേണ്ട സൗകര്യങ്ങളെക്കുറിച്ച് ഒരു വിദഗ്ദ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒരു സിറ്റിസൺ കൗൺസിലൊക്കെ രൂപീകരിച്ച് ഇപ്പോൾ തന്നെ ഫൈനലൈസ് ചെയ്യാൻ ഗവൺമെന്റ് ശ്രദ്ധിക്കാം.

ശ്രീ. രാജു എബ്രഹാം : സർ, നമ്മുടെ വൃദ്ധസദനങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഞാൻ കുറെ വൃദ്ധസദനങ്ങൾ സന്ദർശിക്കാൻ ഇടയായി. വൃദ്ധസദനങ്ങൾ ആകർഷകമാക്കാൻ നമുക്ക് കഴിയണം. വിദേശ രാജ്യങ്ങളിലെ വൃദ്ധസദനങ്ങൾ കണ്ടാൽ ഓടിപ്പോയി കിടക്കാൻ തോന്നും. അത്തരത്തിലേക്ക് റിക്രിയേഷൻ പരിപാടികൾ ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് നമ്മുടെ സദനങ്ങൾ ആകർഷകമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, നമ്മൾ അമേരിക്കയിൽ പോയപ്പോൾ അദ്ദേഹവുമുണ്ടായിരുന്നു. എനിക്ക് തോന്നുന്നത് ഏതെങ്കിലും വൃദ്ധസദനം അദ്ദേഹം സന്ദർശിച്ചിട്ടുണ്ടെന്നാണ്. ഏതായാലും ഈ പറഞ്ഞത് വളരെ യാഥാർത്ഥ്യമാണ്. നമ്മൾ വൃദ്ധസദനങ്ങളെന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ വരുന്നത് യാതൊരു ആശ്രയവുമില്ലാത്ത ആളുകളെ കൊണ്ടുപോയി തള്ളുന്ന ഒരു സ്ഥലമായിട്ടാണ്. അങ്ങനെയല്ല. ലോകത്ത് വയസായ ആളുകൾക്ക് മറ്റുള്ളവരെപ്പോലെ ഉൽസാഹപൂർവ്വം മാനസിക ഉല്ലാസത്തോടെ ജീവിക്കാനുള്ള സ്ഥലമാണ്. അവിടെ പ്രാഥമികമായി ഒരാൾക്ക് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകണം. ഡെവലപ്പ്ഡ് കൺട്രീസിലൊക്കെ വളരെ സൗകര്യപൂർവ്വം ജീവിക്കാൻ സഹായിക്കാനും റിക്രിയേഷനും നടക്കാൻ പുൽത്തകിടിയുമൊക്കെയുള്ള ആ രീതിയിലാണ്. നമുക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഇങ്ങനെ. സന്നദ്ധ സംഘടനകളെ പ്രോൽസാഹിപ്പിച്ച് കുറെക്കൂടി സൗകര്യങ്ങൾ ഉണ്ടാകുന്ന സ്ഥാപനങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ വൃദ്ധജനങ്ങൾ ഇന്ന് ആശുപത്രികളിൽ വല്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം പലപ്പോഴും കണ്ടുവരുന്നുണ്ട്. വൃദ്ധജനങ്ങളെ പരിപാലിക്കാൻ വേണ്ടിയിട്ട് അവർതന്നെ ആവശ്യപ്പെട്ടിട്ടുള്ള പരിശീലനം നേടിയ ഡോക്ടർമാർ, മാനസികരോഗ്യ വിദഗ്ദ്ധർ, സാമൂഹ്യക പ്രവർത്തകർ, നാഴ്സുമാർ, ഫിസിയോതെറാപ്സിറ്റുകൾ, എന്നിവരടങ്ങിയ ഒരു ടീമിനെ നമ്മുടെ സർക്കാർ ആശുപത്രികളിൽ നിയോഗിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, സർക്കാർ ആശുപത്രികളിൽ ഇതൊക്കെ വേണമെന്നാണ്. ഇല്ലായ്കകൊണ്ടാണ്. അതാണ് പ്രശ്നം. സ്വന്തങ്ങളിൽ ഡോക്ടേഴ്സ് ആഴ്ചയിൽ ഒരിക്കൽ വിസിറ്റ് ചെയ്യണമെന്നുള്ളതാണ്. ചെയ്യില്ല, ഇതാണ് പ്രശ്നം ഡോക്ടേഴ്സില്ല എന്നു പറയും. ഉണ്ടെങ്കിൽത്തന്നെ പോകില്ല. കൃത്യമായിട്ട് ചെയ്യില്ലല്ലോ. ഇതിനൊക്കെ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ഗവൺമെന്റ് കുറച്ചുകൂടെ എഫിഷ്യന്റാകാൻ ശ്രമിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിന് കർമ്മസമിതി

3 (*710) ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു ; അവ ഏതെല്ലാം ;

(ബി) ഇവയിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന രഹിതമായി തീർന്നിട്ടുണ്ട് ;

(സി) പൂട്ടിക്കിടക്കുന്നതും പ്രവർത്തന രഹിതമായിത്തീർന്നിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതു സംബന്ധിച്ച് ഒരു കർമ്മ പരിപാടിക്ക് രൂപം കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ & ബി) ചാലക്കുടി റിഫ്രാക്ടറീസ്, മന്നം കോ- ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ്, സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഹൈഡ്രജനേഷൻ ഡിവിഷൻ എന്നിവ പൂട്ടിക്കിടക്കുകയാണ്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലേ ഓഫിലാണ്. കേരള സ്പെഷ്യൽ റിഫ്രിക്ടറീസ്, കെൽട്രോൺ റെക്ടിഫിയേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇന്റസ്ട്രീസ് ലിമിറ്റഡ് എന്നിവ പൂട്ടാതെയോ ലോക്കൗട്ട് ചെയ്യാതെയോ പ്രവർത്തനം നിലച്ച അവസ്ഥയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly